**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 427** **23-07-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഓക്ഷൻ നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ തടി ഉത്പ്പന്നങ്ങളുമായി ബന്ധപ്പെട്ട ഇ-ഓക്ഷൻ നടപടിക്രമങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | 2014 നവംബർ മാസം മുതൽ വനം വകുപ്പിലെ തടി വിൽപ്പന ഇ-ഓക്ഷൻ മുഖേനയാണ് നടത്തിവരുന്നത്. കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd www.mstcecommerce.com എന്ന സ്ഥാപനത്തിനാണ് ഇ-ലേലത്തിന്റെ ചുമതല. ലേല നടപടിക്രമങ്ങളെ സംബന്ധിച്ച നോട്ടിഫിക്കേഷൻ 16.09.2014 ലെ കേരള ഗസറ്റ് വാല്യം 3, ഗസറ്റ് നമ്പർ 36 - ലും, 04.11.2014 ലെ കേരള ഗസറ്റ് വാല്യം 3, ഗസറ്റ് നമ്പർ 43 - ലും, 25.08.2015 ലെ കേരള ഗസറ്റ് വാല്യം IV, ഗസറ്റ് നം.34 ലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി വിവരങ്ങൾ www.mstcecommerce.com വെബ്സൈറ്റിലും ലഭ്യമാണ്. ഇ-ഓക്ഷൻ നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്. 1.രജിസ്ട്രേഷൻ ഇത് ഒറ്റ തവണ മാത്രം ചെയ്യേണ്ട പ്രവൃത്തിയാണ്. M/s MSTC Ltd www.mstcecommerce.com എന്ന വെബ്സൈറ്റിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഒരിക്കൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ പിന്നീട് കേരളത്തിലെ ഏത് തടി ഡിപ്പോയിലും നടക്കുന്ന ലേലത്തിൽ പങ്കെടുക്കാം. വ്യക്തികളുടെ പേരിലോ, സ്ഥാപനങ്ങളുടെ പേരിലോ രജിസ്ട്രേഷൻ നടത്താം. തുടർന്ന് സൈറ്റിൽ കാണുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം Buyer ആയി രജിസ്റ്റർ ചെയ്ത് മുന്നോട്ട് പോകാവുന്നതാണ്. ഇതിനായി ജി.എസ്.ടി, പാൻ കാർഡ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും, സ്വന്തം ആവശ്യത്തിനാണ് തടികൾ വാങ്ങുന്നതെന്ന സത്യവാങ്മൂലം (വ്യക്തികൾക്ക്) എന്നിവ ആവശ്യമാണ്. രജിസ്ട്രേഷൻ ഫീസായി MSTC യുടെ പേരിലെടുത്ത തിരുവനന്തപുരത്ത് മാറാവുന്ന - വ്യക്തികൾക്ക് 590/-രൂപയും സ്ഥാപനങ്ങൾക്ക് 5900/- രൂപയുടെയും ഡി.ഡി എടുത്ത് സമർപ്പിക്കേണ്ടതാണ്. 2. ലേലത്തിൽ പങ്കെടുക്കൽ |

| | | | |
|---|---|---|---|
| | | | വനം വകുപ്പിന്റെ ഡിപ്പോകളിൽ നടക്കുന്ന ലേലത്തിന്റെ തിയ്യതികൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. ലേലത്തിന് മുമ്പായി അതാത് ഡിപ്പോകളിൽ പോയി തടികൾ കണ്ട് ഉറപ്പ് വരുത്താവുന്നതാണ്. വിളിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന തടികളുടെ ലോട്ട് നമ്പർ എഴുതി സൂക്ഷിക്കേണ്ടതാണ്. ലേലം നടക്കുന്ന തീയതിയുടെ തലേദിവസം വൈകുന്നേരം 6 മണി വരെ നിരതദ്രവ്യം ഇ-ട്രഷറി സംവിധാനം മുഖാന്തിരം ഓൺലൈനായി ഒടുക്കാവുന്നതാണ്. ഇപ്രകാരം പണം ഒടുക്കുമ്പോൾ പേരിന്റെയും വിലാസത്തിന്റെയും കൂടെ ബയർ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്. നിരതദ്രവ്യം ഓൺലൈനായി അടക്കാൻ പ്രയാസമുള്ളവർ പ്രസ്തുത തുകയുടെ ഡി.ഡി ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നെടുത്ത് ബന്ധപ്പെട്ട തടി വിൽപ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസിൽ ഹാജരാക്കിയാൽ മതി. ലേലം നടക്കുന്ന തീയതിയുടെ തലേദിവസം ഉച്ചക്ക് 2 മണിവരെ ഡി.ഡി ഓഫീസിൽ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം അടച്ചവർക്ക് ലേലസമയത്ത് മേൽ പറഞ്ഞ വെബ്സൈറ്റ് തുറന്ന് യൂസർ ഐഡി, പാസ് വേർഡ് ഉപയോഗിച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. 3. തുക ഒടുക്കൽ സ്ഥിരിപ്പെടുത്തിയ ലേലത്തിന്റെ സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ആകെ വിൽപ്പന വിലയുടെ 35% തുകയും, 40 ദിവസത്തിനകം ബാക്കി വിലയും നിയമാനുസൃത നികുതികളും അടവാക്കേണ്ടതാണ്. ഓൺലൈനായി പണം അടക്കാൻ കഴിയാത്തവർക്ക് അതാത് ഗവൺമെന്റ് ടിമ്പർ ഡിപ്പോകളിൽ നിന്ന് ലഭിക്കുന്ന ചലാൻ വാങ്ങി ട്രഷറിയിൽ പണം ഒടുക്കേണ്ടതാണ്. ലേല നിബന്ധന പ്രകാരം ബാക്കി ഒടുക്കേണ്ട വിൽപന വിലയും നിയമാനുസൃതമുള്ള നികുതികളും ഒടുക്കി അനുവദനീയമായ സമയത്തിനുള്ളിൽ ലേലം കൊണ്ട വസ്തുക്കൾ ഡിപ്പോയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. |
| (ബി) | ഭവന നിർമ്മാണം പോലുള്ള സ്വകാര്യ ആവശ്യങ്ങൾക്ക് തടി വാങ്ങാനുദ്ദേശിക്കുന്നവർക്ക് വനം വകുപ്പിന്റെ ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണോ; വ്യക്തമാക്കുമോ? | (ബി) | ഭവന നിർമ്മാണം പോലുള്ള സ്വകാര്യ ആവശ്യങ്ങൾക്ക് വ്യക്തികൾക്ക് പരമാവധി 8 ക്യൂബിക് മീറ്റർ വരെ തടി ലഭിക്കുന്നതിന് എം.എസ്.റ്റി.സി. യിൽ രജിസ്റ്റർ ചെയ്ത് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് സൗകര്യം ലഭ്യമാണ്. ഇവർക്കും ലേല നിബന്ധന ബാധകമാണ്. |

സെക്ഷൻ ഓഫീസർ